# Mathrubhumi

## 23 August 2018

## Malappuram, After Flood, Home Renovation, Flood Victims, Habitat for Humanity India



### തകർന്നവീടുകൾ പുതുക്കിപ്പണിയാൻ ഹാബിറ്റാറ്റ് ഫോർ ഹ്യൂമാനിറ്റി ഇന്ത്യ

മലപ്പുറം ▸ കേരളത്തിലെ പ്രളയബാധിതരെ സഹായിക്കാനായി പ്രമുഖ സന്നദ്ധ സംഘടനയായ ഹാബിറ്റാറ്റ് ഫോർ ഹ്യൂമാനിറ്റി ഇന്ത്യരംഗത്ത്. വീടുകൾ പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണി ചെയ്യുന്നതിനും അടിയന്തരാവശ്യങ്ങൾക്കു വേണ്ട സാധനങ്ങളും നൽകും.

10,000 കുടുംബങ്ങൾക്ക് കിറ്റുകൾ വിതരണം ചെയ്തു. പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ടവരെ സഹായിക്കാൻ തങ്ങൾ ബാധ്യസ്ഥരാണെന്ന് ഹാബിറ്റാറ്റ് ഫോർ ഹ്യൂമാനിറ്റി ഇന്ത്യ മാനേജിങ് ഡയറക്ടർ രാജൻ സാമുവൽ പറഞ്ഞു.

ബോളിവുഡ് നടിയും മോഡലുമായ ജാക്വിലീൻ ഫെർണാണ്ടസാണ് സംഘടനയുടെ ബ്രാൻഡ് അംബാസഡർ. സംഘടന സ്വരൂപിക്കുന്ന ഫണ്ടിലേക്ക് ജാക്വിലീൻ ഫെർണാണ്ടസ് അഞ്ചുലക്ഷം രൂപ സംഭാവന നൽകിയിട്ടുണ്ട്.